**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1759** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗതാഗത നിയമലംഘനങ്ങൾ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | **സേഫ് കേരള പദ്ധതി :-** റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിനും റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുക എന്ന ഉദ്ദേശത്തോടും കൂടിയും സംസ്ഥാനത്ത് 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. വാഹന നിയമലംഘനങ്ങൾ കണ്ടെത്താനും അപകടമേഖലകൾ കണ്ടെത്തി അതിനുള്ള പരിഹാരം നിർദ്ദേശിക്കാനും ട്രാഫിക്ക് ബോധവല്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കാനും അപകടങ്ങൾ ഉണ്ടായാൽ കാരണങ്ങൾ കണ്ടെത്തുവാനും ഈ സ്ക്വാഡുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>**എ.ഐ.ക്യാമറ പദ്ധതി: -** റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച രാജ്യത്തെ ആദ്യത്തെ **Fully Automated Enforcement System-** എന്ന സംവിധാനത്തിന്റെ ഭാഗമായി artificial intelligence സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടെ 726 ക്യാമറകൾ കേരളത്തിലെ നിരത്തുകളിൽ 2023 ജൂൺ 5-ന് പ്രവത്തനസജ്ജമായി. തെറ്റായ രീതിയിലുള്ള വാഹന പാർക്കിംഗ്, വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോണിന്റെ ഉപയോഗം, സീറ്റ് ബെൽറ്റ്/ഹെൽമെറ്റ് എന്നിവ ധരിക്കാതിരിക്കൽ, റെഡ് ലൈറ്റ് മറികടന്ന് വാഹനമോടിക്കൽ എന്നിവയ്ക്കാണ് ഈ സംവിധാനത്തിലൂടെ പിഴ ഈടാക്കുന്നത്. ഈ ക്യാമറകളിലൂടെ ലഭ്യമാകുന്ന ട്രാഫിക്ക് നിയമലംഘനങ്ങൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രവർത്തിച്ചുവരുന്ന കൺട്രോൾ റൂമുകൾ വഴി പരിശോധിക്കുകയും നിയമലംഘകർക്ക് പിഴ ചുമത്തുകയും ചെയ്യുന്നു. ഈ ക്യാമറകൾ നിരത്തുകളിൽ സ്ഥാപിച്ചതോടുകൂടി റോഡപകടങ്ങൾ വഴി തലയ്ക്ക് ഏൽക്കുന്ന |

ഗുരുതരമായ പരിക്ക്, മരണനിരക്ക്, എന്നിവയിൽ കുറവ് ഉണ്ടായിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു.

**ശബരിമല സേഫ് സോൺ:-** കേരളത്തിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേക്ക് സംസ്ഥാനത്തിനകത്തും പുറത്തു നിന്നുമായി മണ്ഡല-മകരവിളക്ക് കാലയളവിൽ 50 ലക്ഷത്തിനു മുകളിൽ ഭക്തജനങ്ങൾ ദർശനത്തിനായെത്തി. ഏകദേശം മൂന്നരലക്ഷത്തിനു മുകളിൽ വാഹനങ്ങൾ ഭക്തരേയും വഹിച്ച് ഈ കാലയളവിൽ ശബരിമലയിലെത്തിച്ചേർന്നു. ശബരിമലയിലെ റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായും ഭക്തജനങ്ങളുടെ സുഗമമായ ദർശനത്തിനുമായി മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ക്വാഡുകൾ രൂപീകരിച്ച് മൂന്ന് കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നടപ്പാക്കി. 39 ഇലക്ട്രിക്ക് വാഹനങ്ങൾ ഉപയോഗപ്പെടുത്തി 212510 കിലോമീറ്റർ ദൂരം പെട്രോളിംഗ് നടത്തുകയുണ്ടായി.

**സിറ്റിസൺ സെന്റിനൽ- റിപ്പോർട്ട് ട്രാഫിക് വയലേഷൻ**:- ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് പൊതുജനങ്ങളെ ഉൾപ്പെടുത്തുന്നതിനായി സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പൊതുജങ്ങങ്ങൾക്ക് ഗതാഗത നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കായിട്ടുള്ള എം-പരിവാഹൻ അപ്ലിക്കേഷനിലെ സിറ്റിസൺ സെന്റിനൽ - റിപ്പോർട്ട് ട്രാഫിക് വയലേഷൻ - രജിസ്റ്റർ കംപ്ലയിന്റ് ഓപ്ഷൻ പ്രവർത്തനക്ഷമമാക്കി.

***ഗതാഗത നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ:-** പൊതുജനങ്ങൾക്ക് ഗതാഗത നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് കൂടുതൽ നിയമലംഘനങ്ങൾക്ക് കാരണമാകുന്നത്. ആയത് പരിഹരിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്കും, ലേണേഴ്സ് ലൈസൻസ് നേടുന്നവർക്കും, ഡ്രൈവർമാർക്കും, വിവിധ സന്നദ്ധ സംഘടനകൾ നടത്തുന്ന പരിപാടികളിലും ഗതാഗത നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ നടത്തി വരുന്നു.

***** ആറു വരി പാത സജ്ജമാകുന്നതിനു മുന്നോടിയായി ലെയ്ൻ ട്രാഫിക്ക് ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

* മോട്ടോർ വാഹന നിയമലംഘനങ്ങൾ കണ്ടെത്തുവാൻ 'സേഫ്റ്റി ടു സേവ് ലൈഫ്', ഓപ്പറേഷൻ റാഷ്, ഓപ്പറേഷൻ ഡെസിബെൽ, ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്, ക്ലിയർ പാത്ത്, സ്ക്രീൻ, സൈലൻസ്, ഫോക്കസ്, ഓപ്പറേഷൻ ഓവർലോഡ്, എന്നീ പേരുകളിലും, അനധികൃത ഫിറ്റിങ്ങുകൾ കണ്ടെത്തുന്നതിനും, എയർ ഹോണുകളുടെ ഉപയോഗം , നിയമവിരുദ്ധമായി വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള നെയിം ബോർഡുകൾ, ഫ്ലാഷ് ലൈറ്റുകൾ, ഫ്ലാഗുകൾ, ലൈറ്റുകൾ ഘടിപ്പിച്ച് രൂപമാറ്റം വരുത്തുന്നത് എന്നിവ കണ്ടെത്തുന്നതിനുള്ള പ്രത്യേക പരിശോധന, High Security Registration Plate (HSRP) ഘടിപ്പിച്ച വാഹനങ്ങളുടെ പ്രത്യേക പരിശോധന തുടങ്ങിയ 'സ്പെഷ്യൽ ഡ്രൈവുകൾ' സംഘടിപ്പിക്കുകയും കുറ്റകൃത്യങ്ങൾ കണ്ടെത്തുകയും ചെയ്തു.

ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനും 'സുരക്ഷാമിത്ര' പദ്ധതി നടപ്പിലാക്കി.

സ്കൂൾ കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂൾ വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി 'വിദ്യാവാഹൻ' എന്ന ആപ്പ് നിർമ്മിക്കുകയും രക്ഷിതാക്കൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ നടപ്പിൽ വരുത്തുകയും ചെയ്തു.

*സോഷ്യൽ മീഡിയ വഴി ട്രാഫിക്ക് ബോധവൽക്കരണം നടത്തുന്നതിനായി മീഡിയ സെൽ രൂപീകരിച്ചു.

*പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന ട്രാഫിക്ക് നിയമലംഘനങ്ങൾ വകുപ്പിനെ അറിയിക്കുവാൻ വാട്ട്സ് ആപ്പ് നമ്പറുകൾ ലഭ്യമാക്കി.

* ഗുരുതരമായ നിയമലംഘനങ്ങൾ നടത്തുന്നതായി കണ്ടെത്തിയവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയും പരിഹാരമായി സാമൂഹ്യസേവനത്തിനോ ബോധവൽക്കരണ ക്ലാസിൽ പങ്കെടുക്കുന്നതിനോ നിർദ്ദേശിക്കുകയും ചെയ്യുന്നു.

*വാഹനങ്ങളുടെ അധിക വേഗത കണ്ടെത്തുവാൻ മൊബൈൽ സ്പീഡ് ഡിറ്റക്ഷൻ സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

*സ്പീഡ് ഗവർണർ, വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം എന്നിവ അഴിച്ച് മാറ്റി വച്ച് സർവീസ് നടത്തുന്ന ചരക്ക് വാഹനങ്ങൾ, അമിതഭാരം കയറ്റിക്കൊണ്ട് പോകുന്ന ചരക്ക്

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ എന്നിവയ്ക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കെ.എസ്.ആർ.ടി.സി. ബസ് ഉൾപ്പെട്ട ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിനായി ചീഫ് ഓഫീസ് തലത്തിലും യൂണിറ്റ് തലത്തിലും അപകടനിരീക്ഷണ സമിതി രൂപീകരിക്കുകയും ഈ സമിതി എല്ലാ മാസവും സി.എം.ഡി. യുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് അപകടങ്ങൾ വിലയിരുത്തുകയും അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അപകട ബോധവത്കരണ ക്ലാസ്സുകളും നൽകി വരുന്നു.<br><br>ഗതാഗത നിയമലംഘനങ്ങൾ നടത്തുന്ന കെ.എസ്.ആർ.ടി.സി ഡ്രൈവർമാർക്ക് തിരുത്തൽ പരിശീലനം നൽകി വരുന്നുണ്ട്. |
| (ബി) | പൊതുജനങ്ങൾക്ക് ഗതാഗത നിയമലംഘനങ്ങൾ പരിവാഹൻ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യാൻ സാധിക്കുമോ; വിശദമാക്കാമോ; | (ബി) | പൊതുജനങ്ങൾക്ക് നിരത്തുകളിൽ കാണപ്പെടുന്ന ചുവടെ പറയുന്ന ഗതാഗത നിയമ ലംഘനങ്ങൾ ഫോട്ടോ, വീഡിയോ സഹിതം എം പരിവാഹൻ മൊബൈൽ ആപ്പിലെ സിറ്റിസൺ സെന്റിനൽ എന്ന സവിധാനത്തിലൂടെ അപ് ലോഡ് ചെയ്ത് പരാതി രജിസ്റ്റർ ചെയ്യുവാൻ സാധിക്കുന്നതാണ്.<br><br>1.ഹെൽമറ്റില്ലാതെ ടൂ വീലറിൽ യാത്ര ചെയ്യുന്നത്.<br><br>2.സീറ്റ് ബെൽറ്റ് ഇല്ലാതെ യാത്ര ചെയ്യുന്നത്.<br><br>3.ടൂ വീലറിൽ മൂന്നുപേർ യാത്ര ചെയ്യുന്നത്.<br><br>4.അനധികൃത പാർക്കിംഗ്.<br><br>5.വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഉപയോഗിക്കുന്നത്.<br><br>6.അപകടകരമായി വാഹനം ഓടിക്കുന്നത്.<br><br>7.ചുവപ്പ് സിഗ്നൽ മറികടക്കുന്നത്.<br><br>ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന പരാതികൾ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പരിവാഹൻ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യുന്ന നിയമലംഘനങ്ങൾക്ക് ചുമത്തുന്ന പിഴത്തുകയിൽ നിന്നും നേരിയതെങ്കിലും ഒരു വിഹിതം ഇൻസന്റീവ് മാതൃകയിൽ റിപ്പോർട്ട് ചെയ്യുന്ന ആളിന് ലഭിക്കുന്ന വിധത്തിൽ സംവിധാനം ഏർപ്പെടുത്താമോ: ഇതിലൂടെ നിയമലംഘനങ്ങൾ തടയുന്നതിൽ പൊതുജനത്തിന് ഉള്ള പങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | വിവിധ നിയമ ലംഘനങ്ങൾക്ക് ഈടാക്കുന്ന തുക/ ഫൈൻ “0041-102-97” ശീർഷകത്തിലേക്കാണ് ഒടുക്കുന്നത്. ഇത് സർക്കാരിന്റെ consolidated fund ലേക്കാണ് പോകുന്നത്. ആയതിനാൽ ഓരോ പിഴതുകയിൽ നിന്നും ഇൻസെന്റീവ് മാതൃകയിൽ നിയമ ലംഘനം റിപ്പോർട്ട് ചെയ്യുന്ന വ്യക്തിക്ക് നൽകുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ